**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 28** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സേനാപതി വേണു

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സപ്ലൈകോയ്ക്ക് സർക്കാരിൽ നിന്നും എത്ര കോടി രൂപ ഏതൊക്കെ ഇനത്തിൽ കുടിശ്ശികയായി ലഭിക്കാൻ ഉണ്ടായിരുന്നു; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>**

**(ബി)** വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വിപണി ഇടപെടൽ നടത്തേണ്ട സപ്ലൈകോയ്ക്ക് അനുവദിക്കേണ്ട പണത്തിൽ കുടിശ്ശിക വരുത്തിയതിനാൽ സംസ്ഥാനത്ത് വിലക്കയറ്റത്തോത് കഴിഞ്ഞ 10 വർഷക്കാലയളവിൽ വൻതോതിൽ ഉയർന്നു നിന്നിരുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നല്കുമോ;

**<u>മറുപടി:</u>**

**(സി)** ഫലപ്രദമായ വിപണി ഇടപെടൽ നടപ്പാക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമമാക്കുന്നതിനും ഫലപ്രദമായ വിപണി ഇടപെടലിനുമായി (Market Intervention Operations) താഴെ പറയുന്ന നടപടികൾ സ്വീകരിക്കും.

പൊതുവിതരണ മേഖലയിൽ സർക്കാരിന്റെ വിപണി ഇടപെടലിനായി എല്ലാ വർഷവും ബജറ്റിൽ തുക വകയിരുത്താറുണ്ട്. നടപ്പ് സാമ്പത്തിക വർഷം വിപണി ഇടപെടലിനായി 315 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

**(1) 13 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പന:** പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപനശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ 20% മുതൽ 35% വരെ വിലക്കുറവിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം

റേഷൻകാർഡുകാർക്കും വിതരണം ചെയ്യുന്നു. നിലവിൽ പ്രതിമാസം കുറഞ്ഞത് 30 ലക്ഷത്തോളം കുടുംബങ്ങൾക്ക് ഈ സബ്സിഡി സ്കീം വഴി പ്രയോജനം ലഭിക്കുന്നുണ്ട്.

സപ്ലൈകോ വിൽപനശാലകൾ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യു 13 ഇനം അവശ്യ സാധനങ്ങളുടെ കഴിഞ്ഞ മൂന്നു മാസത്തെ പ്രതിമാസ ശരാശരി അളവ് **അനുബന്ധം (II)** ആയി ചേർക്കുന്നു. സബ്സിഡി സാധനങ്ങൾക്ക് പുറമെ 20 കിലോ OMSS അരി കിലോയ്ക്ക് 27 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

01-06-2026 മുതൽ പ്രാബല്യത്തിലുള്ള സബ്സിഡി സാധനങ്ങളുടെ വിലവിവരപ്പട്ടിക **അനുബന്ധം (III)** ആയി ചേർക്കുന്നു.

കൂടാതെ അരിയും പയറുവർഗ്ഗങ്ങളും ഉൾപ്പെടെ 41 ഇനം സാധനങ്ങൾ 10% മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നു.

**(2) സപ്ലൈകോ വിൽപനശാലകളുടെ ആധുനികവൽക്കരണം :** സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ആകർഷിക്കുന്ന രീതിയിൽ സപ്ലൈകോ വിൽപനശാലകൾ നവീകരിക്കും. ഈ വർഷം നൂറ് സപ്ലൈകോ വിൽപനശാലകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**(3) ശബരി ഉൽപ്പന്നങ്ങൾ:** സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കർശന പരിശോധനകൾക്ക് ശേഷം പൊതുവിപണിയേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ വിറ്റുവരുന്നു.

**(4)ആധുനിക വൽക്കരണം:** പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ERP, e-Office സംവിധാനങ്ങൾ കാര്യക്ഷമമാക്കും.

**(5) മെഡിസിൻ ബിസിനസ്:** സപ്ലൈകോ മെഡിക്കൽ ഷോപ്പുകൾ വഴി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നു. ഇൻസുലിൻ MRP യിൽനിന്ന് 20% മുതൽ 24% വരെ വിലക്കുറവിലും മറ്റു മരുന്നുകൾ MRP യിൽനിന്ന് 13% മുതൽ 25% വരെ വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു.

**(6) സപ്ലൈകോ വിതരണ ശൃംഖലയുടെ വ്യാപ്തി:** സംസ്ഥാനത്തുടനീളം എല്ലാ പഞ്ചായത്തുകളിലും വ്യാപിച്ചു കിടക്കുന്ന 1622 വിൽപനശാലകൾ, തീരദേശ/മലയോര/ആദിവാസി മേഖലകളിൽ സേവനം എത്തിക്കുന്നതിനായി 16 സഞ്ചരിക്കുന്ന (Mobile) സൂപ്പർ മാർക്കറ്റുകൾ എന്നിവ നിലവിലുണ്ട്. അതുകൂടാതെ സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ആയതു വിപുലീകരിച്ച് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യും. സപ്ലൈകോ വില്പനശാലകളുടെ വിവരം **അനുബന്ധം (IV)** ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം (I)**

| ക്രമ നം | പദ്ധതി | തുക (കോടിയിൽ) | ആകെ തുക(കോടിയിൽ) |
|---|---|---|---|
| **(A)** | **കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുള്ളത്** | | |
| 1 | നെല്ല് സംഭരണ പദ്ധതി | 1448.05 | |
| 2 | NFSA | | |
| | ആത്മനിർഭർ ഭാരത് 2020-21 | 1.48 | |
| | പൊതുവിതരണ സമ്പ്രദായം - പഞ്ചസാര | 2.97 | |
| | ആകെ **(A)** | **1452.50** | **1452.50** |
| **(B)** | **കേരള സർക്കാരിൽ നിന്നും ലഭിക്കുവാനുള്ളത്** | | |
| 1. | നെല്ല് സംഭരണ പദ്ധതി (SIB+OTR+CMR) | 378.14 | 378.14 |
| 2. | പൊതുവിപണി ഇടപെടൽ | 1510.33 | 1510.33 |
| 3. | NFSA( ഗതാഗതവും കൈകാര്യ ചെലവും) | 92.51 | |
| | പൊതുവിതരണ സമ്പ്രദായം -പഞ്ചസാര സബ്സിഡി ക്ലെയിമുകൾ (2019-2024) | 9.26 | |
| | സബ് ഡിപ്പോ പ്രവർത്തനങ്ങളിലെ നഷ്ടം 2009-10 മുതൽ 2015-16 വരെ | 10.52 | 112.29 |
| 4. | **മറ്റ് വകുപ്പുകൾ** | | |
| | ഉച്ചഭക്ഷണ പദ്ധതി-പൊതുവിദ്യാഭ്യാസ വകുപ്പ് | 38.53 | |
| | അതിഥി തൊഴിലാളികൾക്കുള്ള കിറ്റ് - 2020-2021 | 11.17 | |
| | മത്സ്യ തൊഴിലാളികൾക്കുള്ള കിറ്റ് -2021 | 16.08 | |
| | ക്വാറന്റൈൻ കിറ്റ് - (തദ്ദേശ സ്വയംഭരണം)- 2020 | 2.03 | |
| | കമ്മ്യൂണിറ്റി കിച്ചൺ -അട്ടപ്പാടി | 6.24 | 74.05 |
| **5.** | **പ്ലാൻ ഫണ്ട്** | | |
| | NFSA | 6.27 | |
| | സപ്ലൈകോ ( Outlet Revamping) | 4.42 | |
| | സപ്ലൈകോ (ERP) | 1.23 | 11.92 |
| **6.** | **മറ്റ് ക്ലെയിമുകൾ (പലിശ+കമ്മീഷൻ)** | | |
| | 2018-ഉം 2019-ഉം വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് ഉണ്ടായ നഷ്ടം | 66.30 | |
| | OTR ഇനത്തിലുള്ള പലിശ | 185.74 | |
| | ഗവൺമെന്റ് ഗ്യാരണ്ടി കമ്മീഷൻ | 70.54 | |
| | കൺസോർഷ്യം ലോൺ- പലിശ (31/03/2024 വരെ) | 303.84 | |

| | | | |
|---|---|---|---|
| | കേരള ബാങ്ക് പലിശ | 180.12 | 806.54 |
| | **ആകെ (B)** | | **2893.27** |
| | **ആകെ (A)+(B)** | | **4345.77** |

**അനുബന്ധം (II)**

| ക്രമ നം. | സബ്സിഡി ഇനം | മാർച്ച് 2026 (ക്വിന്റലിൽ) | ഏപ്രിൽ 2026 (ക്വിന്റലിൽ) | മേയ് 2026 (ക്വിന്റലിൽ) | ശരാശരി (ക്വിന്റലിൽ) |
|---|---|---|---|---|---|
| 1 | ചെറുപയർ (Green Gram) | 5,504.72 | 9,048.30 | 8,314.93 | 7,622.65 |
| 2 | ഉഴുന്ന് (Black Gram Washed) | 8,356.98 | 13,037.76 | 12,263.75 | 11,219.50 |
| 3 | കടല (Bengal Gram Bold) | 4,271.54 | 7,279.73 | 6,331.43 | 5,960.90 |
| 4 | വൻപയർ (Lobia) | 3,381.35 | 5,708.52 | 5,211.50 | 4,767.12 |
| 5 | തുവരപ്പരിപ്പ് (Toordhal) | 3,816.19 | 6,990.32 | 6,484.00 | 5,763.50 |
| 6 | മുളക് (Chillies) | 3,429.50 | 7,407.97 | 5,342.22 | 5,393.23 |
| 7 | മല്ലി (Coriander) | 1,876.03 | 4,356.85 | 3,686.62 | 3,306.50 |
| 8 | പഞ്ചസാര (Sugar) | 18,600.76 | 19,873.17 | 19,027.69 | 19,167.21 |
| 9 | ശബരി വെളിച്ചെണ്ണ 1 ലിറ്റർ പാക്കറ്റ് (സബ്സിഡി 500 ml + നോൺ സബ്സിഡി 500 ml) | 1,039,576 | 1,056,236 | 891,111 | 995,641.00 |
| 10 | ജയ അരി (Jaya Rice) | 17,877.37 | 15,259.43 | 15,641.59 | 16,259.46 |
| 11 | കുറുവ അരി (Kuruva Rice) | 17,841.68 | 18,076.79 | 17,242.12 | 17,720.20 |
| 12 | മട്ട അരി (Matta Rice) | 16,638.80 | 16,997.93 | 18,787.19 | 17,474.64 |
| 13 | പച്ചരി (Raw Rice) | 1.09 | 2.01 | 2.67 | 1.92 |

**<u>അനുബന്ധം (IV)</u>**

**സപ്ലൈകോ വിൽപനശാലകളുടെ ആകെ എണ്ണം (31-05-2026 പ്രകാരം):**

| **വിൽപനശാലയുടെ പേര്** | **എണ്ണം** |
| --- | --- |
| മാവേലി സ്റ്റോറുകൾ | 768 |
| മാവേലി സൂപ്പർ സ്റ്റോറുകൾ | 131 |
| സൂപ്പർ മാർക്കറ്റുകൾ | 554 |
| പീപ്പിൾസ് ബസാർ | 39 |
| ഹൈപ്പർ മാർക്കറ്റ് | 4 |
| സിഗ്നേച്ചർ മാർട്ടുകൾ | 2 |
| അപ്നാ ബസാർ | 1 |
| ഇൻ & ഔട്ട് ഔട്ട്ലെറ്റ് | 1 |
| മെഡിക്കൽ സ്റ്റോറുകൾ | 86 |
| പെട്രോൾ പമ്പുകൾ | 14 |
| എൽ.പി.ജി. ഔട്ട്ലെറ്റുകൾ | 3 |
| മണ്ണെണ്ണ ഡിപ്പോ | 1 |
| മൊബൈൽ മാവേലി സ്റ്റോറുകൾ | 16 |
| ഫെയർ പ്രൈസ് ഷോപ്പ് | 2 |
| **ആകെ** | **1622** |

**അനുബന്ധം (III)**

| ക്രമ നം | സബ്സിഡി സാധനത്തിന്റെ പേര് | സബ്സിഡി നിരക്ക് (രൂപ) | അനുവദനീയമായ അളവ് (പ്രതിമാസം) |
|---|---|---|---|
| 1 | ചെറുപയർ (കിലോയ്ക്ക്) | 85 | 1 കിലോ |
| 2 | ഉഴുന്ന് (കിലോയ്ക്ക്) | 87 | 1 കിലോ |
| 3 | കടല (കിലോയ്ക്ക്) | 63 | 1 കിലോ |
| 4 | വൻപയർ (കിലോയ്ക്ക്) | 68 | 1 കിലോ |
| 5 | തുവരപ്പരിപ്പ് (കിലോയ്ക്ക്) | 83 | 1 കിലോ |
| 6 | വറ്റൽ മുളക് (കിലോയ്ക്ക്) | 130 | 1 കിലോ |
| 7 | മല്ലി (500 ഗ്രാമിന്) | 45 | 500 ഗ്രാം |
| 8 | പഞ്ചസാര (കിലോയ്ക്ക്) | 33 | 1 കിലോ |
| 9 | ശബരി വെളിച്ചെണ്ണ (1 ലിറ്റർ പാക്കറ്റ്) (സബ്സിഡി 500 ml & നോൺസബ്സിഡി 500 ml ) | 237.14 | 2 പാക്കറ്റ് |
| 10 | ജയ അരി (കിലോയ്ക്ക്) | 33 | (എല്ലാ ഇനം അരിയും ഉൾപ്പെടെ ആകെ 10 കിലോഗ്രാം) |
| 11 | കുറുവ അരി (കിലോയ്ക്ക്) | 33 | |
| 12 | മട്ട അരി (കിലോയ്ക്ക്) | 33 | |
| 13 | പച്ചരി (കിലോയ്ക്ക്) | 29 | |
| നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്തു നല്കുന്ന പയറുവർഗങ്ങൾ, മുളക്, മല്ലി, പഞ്ചസാര എന്നിവയ്ക്ക് സൂപ്പർ മാർക്കറ്റുകളിൽ 2 രൂപ പാക്കറ്റ് ചാർജ്ജും ഈടാക്കുന്നതാണ് | | | |

*കുറിപ്പ്: സബ്സിഡി സാധനങ്ങൾക്ക് പുറമെ 20 കിലോ OMSS അരി കിലോയ്ക്ക് 27 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു.